# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T- 3157 | 21.06.2013-ൽ മറുപടിക്ക് |
|---|---|
| **സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷൻ നിയമനം** | |
| ചോദ്യം | ഉത്തരം |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷൻ ചെയർ പേഴ്സൺ തസ്തികയിലേക്കുള്ള അപേക്ഷകരെ ഇന്റർവ്യൂ ചെയ്യാനായി രൂപീകരിച്ച സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; | (എ) 25.10.2012-ലെ സ.ഉ.(സാധാ) നമ്പർ 468/12/എസ്.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ചെയർപേഴ്സണും, ഡോ.കെ.എം.എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, ശ്രീ.സി.പി.രാമരാജ പ്രേമ പ്രസാദ്, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയാണ് സംസ്ഥാന ശിശു അവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ ചെയ്യാനായി രൂപീകരിച്ച സമിതിയിലെ അംഗങ്ങൾ. |
| (ബി) 2013 ഏപ്രിൽ 15 ന് പ്രസ്തുത തസ്തികയിലേയ്ക്ക് തിരുവനന്ത പുരം മസ്ക്കറ്റ് ഹോട്ടലിൽ നടത്തിയ കൂടിക്കാഴ്ചയിൽ ഏതൊക്കെ അപേക്ഷകർ പങ്കെടുത്തു എന്നറിയിക്കുമോ; | (ബി) 15.04.2013-ൽ നടന്ന ഇന്റർവ്യൂവിൽ ശ്രീ.എസ്.എച്ച്.പഞ്ചാപകേശൻ, പ്രിസൈഡിംഗ് ഓഫീസർ, കോഴിക്കോട് ലേബർ കോർട്ട്, ഡോ.എൻ.എസ്.ബാലകൃഷ്ണൻ നായർ, ഡി.ഐ.ജി. ഓഫ് പ്രിസൺസ്(റിട്ട), ഡോ.ജി.സുരേഷ്കുമാർ, രജിസ്ട്രാർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ തുടങ്ങിയവർ പങ്കെടുത്തു. |
| (സി) മുൻ ചീഫ് സെക്രട്ടറി ശ്രീമതി നീലാഗംഗാധരനെ ചെയർപേഴ്സൺ തസ്തികയിൽ യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കാതെ നിയമിച്ചു എന്ന് ചൂണ്ടിക്കാട്ടി സാമൂഹിക നീതി വകുപ്പ് മന്ത്രിക്കും ഇന്റർവ്യൂ ബോർഡ് അംഗങ്ങൾക്കും എതിരെ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് പരാതി ലഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി അടിസ്ഥാന രഹിതമായതിനാൽ തുടർ നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നില്ല. |

| | |
|---|---|
| (ഡി) 15.04.2013-ൽ സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സമിതി ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ പ്രസ്തുത തസ്തികയിലേക്കുളള പാനൽ എന്നാണ് പ്രസിദ്ധീകരിച്ചത് എന്നും പ്രസ്തുത പാനലിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ട് എന്നും അറിയിക്കുമോ; | (ഡി) 26.04.2013-ൽ പ്രസിദ്ധീകരിച്ചു. ശ്രീമതി.നീലാഗംഗാധരൻ, ഐ.എ.എസ്.(റിട്ട), ഡോ.എൻ.എസ്.ബാലകൃഷ്ണൻനായർ, ഡി.ഐ.ജി. ഓഫ് പ്രിസൺസ് (റിട്ട), ശ്രീ.എസ്.എച്ച്.പഞ്ചാപകേശൻ, പ്രിസൈഡിംഗ് ഓഫീസർ, കോഴിക്കോട് ലേബർ കോർട്ട്, ഡോ.ജി.സുരേഷ്കുമാർ, രജിസ്ട്രാർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ എന്നിവരാണ് പ്രസ്തുത പാനലിൽ ഉൾപ്പെട്ടിട്ടുളളത്. |
| (ഇ) ശ്രീമതി നീലാഗംഗാധരനെ പ്രസ്തുത തസ്തികയിൽ നിയമിച്ചതായി സാമൂഹ്യനീതി വകുപ്പ് മന്ത്രി മാധ്യമങ്ങൾ വഴി അറിയിച്ച് ഒരു മാസം കഴിഞ്ഞിട്ടും ശ്രീമതി നീലാ ഗംഗാധരൻ പ്രസ്തുത പദവിയുടെ ചുമതല ഏറ്റെടുക്കാത്തത് സംബന്ധിച്ച് അവരോട് രേഖാമൂലം വിശദീകരണം ചോദിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (ഇ) ശ്രീമതി.നീലാഗംഗാധരനെ 23.05.2013-ലെ എസ്.ആർ.ഒ നമ്പർ 428/2013 പ്രകാരം ബാലാവകാശ കമ്മീഷന്റെ ചെയർപേഴ്സണായി നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം 03.06.2013-ൽ ശ്രീമതി.നീലാഗംഗാധരൻ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അവരോട് വിശദീകരണം ആരാഞ്ഞിട്ടില്ല. |
| (എഫ്) 15.04.2013-ലെ ഇന്റർവ്യൂ വിനെ തുടർന്ന് രൂപീകരിച്ച പാനലിന് എന്നുവരെ കാലാവധി ഉണ്ട്; | (എഫ്) പാനലിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ജി) അട്ടപ്പാടിയിലെ ആദിവാസി ശിശുക്കളുടെ ദാരുണ മരണം നിരന്തരം സംഭവിക്കുന്ന സാഹചര്യത്തിലും, പ്രസ്തുത കമ്മീഷൻ അടിയന്തിരമായി രൂപീകരണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും , ശ്രീമതി നീലാഗംഗാധരന് പകരം പ്രസ്തുത പാനലിൽ നിന്നും നിയമ പ്രകാരം മറ്റൊരാളെ ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് നിയമിക്കുക എന്ന നിയമ വ്യവസ്ഥ പാലിക്കാൻ തയ്യാറാണോ എന്നറിയിക്കുമോ? | (ജി) ചോദ്യം പ്രസക്തമല്ല. |

Jayasree

സെക്ഷൻ ഓഫീസർ